നമ്പർ എം1/11893/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരള,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തിയ്യതി : 25.07.2009

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും/
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/
എല്ലാ ജോയ്ന്റ് റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്–റോഡ് സുരക്ഷ ബോധവത്ക്കരണ പോസ്റ്ററുകൾ - വിതരണവും ഉപയോഗവും സംബന്ധിച്ച്

സൂചന:- നമ്പർ എം1/11893/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ആഫീസിൽ നിന്നും എല്ലാ ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് വിതരണം ചെയ്യുന്ന റോഡ് സുരക്ഷാ ബോധവത്ക്കരണ പോസ്റ്ററുകളും/ലഘു ലേഖകളും എല്ലാ ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ കൃത്യമായി കൈപറ്റി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി അധികാര പരിതിയിലുള്ള റിജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർ/ ജോയ്ന്റ് റിജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്ക് നൽകുകയും അവർ പ്രസ്തുത പോസ്റ്ററുകൾ പൊതുജനങ്ങൾക്ക് കാണാൻ കഴിയുന്ന വിധത്തിൽ പ്രദർശിപ്പിക്കേണ്ടതും ലഘു ലേഖകൾ വിതരണം ചെയ്യേണ്ടതുമാണ്. റോഡ് സുരക്ഷ പ്രസിദ്ധീകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഓരോ ഓഫീസിലേക്കും വിതരണം ചെയ്തതിന്റെ കണക്ക് അവ ഫലപ്രദമായി വിനിയോഗിച്ചുവെന്ന സർട്ടിഫിക്കറ്റ് സഹിതം അവ കൈപ്പറ്റി ഒരു മാസത്തിനകം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

കൈപ്പറ്റ് രശീതുകൾ അയക്കുക.

വിശ്വസ്തതയോടെ,

25-7-09

ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി